# സെൻറ് ജോർജ് ഹൈസ്കൂൾ കുട്ടിക്കൽ



# നിഴൽ

## ലിററിൽ കൈററ്സ്

ഡിജിററൽ മാഗസിൻ

സെൻറ് ജോർജ് ഹൈസ്കൂൾ കുട്ടിക്കൽ



# നിഴൽ

## ലിററിൽ കൈററ്സ്

ഡിജിററൽ മാഗസിൻ

# ഉള്ളടക്കം

സമർപ്പണം........................................................................ 4
പത്രാധിപസമിതി .............................................. 5
എഡിറേറാറിയൽ............................................ 7
ആശംസകൾ .................................................8
ലിറ്റിൽ കൈറ്റ്സ് -സബ്ജില്ലാതല ക്യാമ്പ് ............. 9
വരം തേടി.........................................................10
ക്വിസ് ...............................................................12
ശാസ്ത്രജാലകം ..................................................13
ഇന്ത്യൻ നവോത്ഥാനം.... .................................14
ഉണ്ണി.................................................................15
വീണ്ടും പ്രളയം.........................................................16
സഹ്യന്റെ നാട്ടിലേക്ക്.......................................... 17
സഞ്ചാരം.................................................... 19



# സമർപ്പണം

കർമ്മ ഭ്രമിയിൽ....

കരുത്ത് പകർന്ന്...

താങ്ങും....

തണലുമായവർക്ക്..

ജൻമമേകിയ.....

നട്ടുനനച്ച്......

വളവും വെള്ളവും നൽകിയ.......

നമ്മുടെ നാടിന്.....



# പത്രാധിപസമിതി

<u>മുഖ്യപത്രാധിപർ</u>

ജെയിംസ് കുട്ടി കുര്യൻ (ഹെഡ്മാസ്റ്റർ)

<u>അംഗങ്ങൾ</u>

റെന്നി സെബാസ്റ്റ്യൻ

ഷിജി ജോസഫ്

എയ്ഞ്ചല അനിററ് ബൈജു

ജാക്സൺ മാത്യു

നജിയ നവാസ്

അബിയ ചിന്നു



# എഡിറേറാറിയൽ

മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ വിവരസാങ്കേതികവിദ്യയുടെ പുത്തൻ അനുഭവങ്ങൾ സ്കൂൾ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുവാൻ സംസ്ഥാനസർക്കാർ രൂപംകൊടുത്ത ലിറ്റിൽ കൈറ്റ്സ് വിദ്യാലയ കൂട്ടായ്മയുടെ ഭാഗമായ കുട്ടിക്കൽ സെൻററ് ജോർജ് ഹൈസ്കൂളിലെ പ്രതിഭകളുടെ സാഹിത്യ സംഭാവന ....**നിഴൽ**

മലയാളഭാഷയെ കമ്പ്യൂട്ടറിൻറെ കീബോർഡിൽ വിദഗ്ധമായികൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കുന്നതിൽ വിജയം കണ്ട ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സ്വപ്നസാക്ഷാത്കാരം ....**നിഴൽ**

സ്നേഹിക്കുന്നവർക്കും പ്രോത്സാഹിപ്പിക്കുന്നവർക്കും പത്രാധിപ സമിതിയുടെ സ്നേഹോഷ്മളമായ അഭിവാദനങ്ങൾ .

# ആശംസകൾ

സബ്ജില്ലാതല ഐടി മത്സരങ്ങളിൽ ഓവറോൾ ചാമ്പ്യന്മാരായ കുട്ടിക്കൽ സ്കൂളിലെ കൊച്ചു മിടുക്കന്മാർക്കും മിടുക്കികൾക്കും അഭിനന്ദനങ്ങൾ .നിങ്ങൾ അംഗങ്ങളായ ലിറ്റിൽ കൈറ്റ്സ് ഐടി കൂട്ടായ്മയുടെ വ്യത്യസ്തമായ സംരംഭം ആണല്ലോ ഡിജിറ്റൽ മാഗസിൻ. നിഴൽ എന്ന പേരിൽ വെളിച്ചം കാണുവാൻ വെമ്പൽകൊള്ളുന്ന ഇ-മാഗസിൻ തയ്യാറാക്കിയ വിദ്യാർഥികൾക്ക് അഭിവാദ്യങ്ങൾ

**നിഴൽ ....**

വലിയൊരു പ്രകാശസ്രോതസ്. അതിന് മാത്രമെ നിഴൽ സൃഷ്ടിയ്ക്കാനാകൂ. കുട്ടികളുടെ ഒളിഞ്ഞിരിക്കുന്ന കഴിവുകളെ ,കണ്ടെത്തി തേച്ചുമിനുക്കി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ വെമ്പൽകൊള്ളുന്ന കുട്ടിക്കൽ സ്കൂളിലെ എല്ലാ അധ്യാപകർക്കും ,അനധ്യാപകർക്കും,നിഴലൊരുക്കുന്ന സമൂഹത്തിലെ അഭ്യുദയകാംക്ഷികൾക്കും എല്ലാവിധ ആശംസകളും നന്മകളും നേർന്നുകൊണ്ട് നിങ്ങളുടെ പ്രിയപ്പെട്ട ...

ജെയിംസ് കുട്ടി കുര്യൻ ഹെഡ്മാസ്റ്റർ,.

# ഭൂമിക്കൊരു ചരമഗീതം

'കത്തുന്ന സൂര്യന്റെ കണ്ണുകളിൽ നിന്നഗ്നി
വർഷിച്ച രോഷമുണരുന്ന
ആടിമുകിൽമാലകുടിനീരു തിരയുന്ന
ആതിരകൾ കുളിരു തിരയുന്ന '

ഒ.എൻ.വി. കുറുപ്പ് .

സംപാദക-ആര്യാ ശെൽവകുമാർ

# കഥ

# വരം തേടി

പണ്ട് പണ്ട് ഒരു കൊക്ക് അമ്മാവൻ ഉണ്ടായിരുന്നു. കൊക്ക് അമ്മാവന് പ്രായം ഏറെ ചെന്നപ്പോൾ പണ്ടത്തെ പോലെ മീനൊന്നും പിടിക്കാൻ വയ്യാതായി. എന്ത് ചെയ്യുമെന്ന് ആലോചിച്ചിരുന്ന പോൾ കൊക്ക് അമ്മാവന് ഒരു ബുദ്ധി തോന്നി. ഒരു കാലിൽ നിന്ന് തപസ് ചെയ്ത വനദേവതയെ പ്രീതിപ്പെടുത്തുക.

അങ്ങനെകുറെ മീൻ ദിവസവും കിട്ടാനുള്ള വരം നേടുക. ഒരു ദിവസം രാവിലെ എഴുന്നേറ്റ് കൊക്ക് അമ്മാവൻ കുളക്കരയിൽ ഒറ്റക്കാലിൽ തപസ്സു തുടങ്ങി. തപസ്സു എന്നുപറഞ്ഞാൽ ഘോര തപസ്സ് !

കൊക്ക് അമ്മാവൻ ഒറ്റക്കാലിൽ നിൽക്കുന്നത് കണ്ടുകൊണ്ടാണ് പൊന്ന് അമ്പലത്തെ പൊന്നൻ പൊന്മാൻ അതുവഴി വന്നത്. കൊക്ക് അമ്മാവൻറെ നിൽപ്പു ഭാവവുമൊക്കെ കണ്ട് ചിരിച്ചുകൊണ്ട് പൊന്നൻ പൊന്മാൻചോദിച്ചു ;

എന്നാ പറ്റി ? കൊക്ക് അമ്മാവൻ ഒറ്റക്കാലിൽ നിൽപ്പാണ് .

ഉറക്കം തൂങ്ങി നിൽപ്പ് ആണോ പൊന്നൻ പൊൻമാനേ ?

കളിയാക്കിയുള്ള ചോദ്യം കേട്ടപ്പോൾകൊക്ക് അമ്മാവന് ദേഷ്യം അടക്കാൻ കഴിഞ്ഞില്ല. കൊക്ക് അമ്മാവൻ പറഞ്ഞു പൊന്നു മോനേ ചങ്ങാതി കളിയാക്കാൻ നോക്കണ്ട നല്ല ഒരു വരം നേടാനായി തപസ്സ് ചെയ്യുകയാണ് ചങ്ങാതി.

വരം അല്ല നേടുന്നത് മരം ആയിരിക്കും..... മണ്ടച്ചാര് എന്നു പറഞ്ഞു കൊണ്ട് പൊന്നൻ പൊന്മാൻ കുളത്തിൽ നിന്ന് ഒരു മീനയും കൊത്തിയെടുത്തു കൊണ്ട് എങ്ങോ പറന്നു മറഞ്ഞു. തപസ് മുടക്കാൻ വന്നതാ ശാഖകൾ അങ്ങനെ പറഞ്ഞു കൊണ്ട് കോക്ക് അമ്മാവൻ വീണ്ടും തപസ്സു തുടങ്ങി.

അപ്പോഴാണ് കുന്മാവിലെ കുറ്റൻ കുളകോഴി പമ്മി പതുങ്ങി അതുവഴി വന്നത് കൊക്കൻ കൊക്ക് അമ്മാവൻറെ മറ്റും ഭാവവുമൊക്കെ കണ്ട് ചിരിച്ചുകൊണ്ട് കുനൻ കുളക്കോഴി ചോദിച്ചു. ഒറ്റക്കാലിൽ നിൽപ്പാണ് ചങ്ങാതി കുനൻ കുളക്കോഴിയുടെ പരിഹാസത്തോടെ ഉള്ള ചോദ്യം കേട്ടപ്പോൾ കൊക്കൻ കൊക്ക് അമ്മാവൻ ദേഷ്യത്തോടെ പറഞ്ഞു കുന് മോനെ ചങ്ങാതി

കളിയാടീടാൻ നോക്കണ്ട നല് ഒരു വരം നേടാനായി തപസ് ചെയ്യുകയാണ്. വരം അല്ല കരം ആയിരിക്കും നേടുന്നത്.

മണ്ടൻ എന്നുപറഞ്ഞ് കൊണ്ട് കോഴി കുളക്കോഴി കുളത്തിൽ ഊളി ഇട്ട് ഒരു പരൻ മീനയും പിടിച്ചെടുത്ത് പമ്മി പമ്മി എങ്ങാണ്ടോ പോയി. തപസ് മുടക്കാൻ നടക്കുന്ന ശുംഭന്മാർ.

അത്രയും പറഞ്ഞുകൊണ്ട് കൊക്കൻ അമ്മാവൻ വീണ്ടും ഒറ്റക്കാലിൽ തപസ്സ തുടങ്ങി കുറച്ച കഴിഞ്ഞപ്പോഴുണ്ട് അതാവരുന്നു കാണുക പരുന്തച്ചൻ. കൊക്കൻ അമ്മാവൻറെ നിൽപ്പും ഭാവവുമൊക്കെ കണ്ടപ്പോൾ ചിരിച്ച പോയ പെരുന്തച്ചൻ ചോദിച്ചു;

അമ്മാവാ നീ കുളക്കരയിൽ ഈ പോവുകയാണോ തോമസ് ചെയ്യുകയാണോ അതോ ഉറക്കം തൂങ്ങി നിൽക്കുക ആണോ ?

കള്ളൻ പരുന്തിനെ ചോദ്യം കേട്ടപ്പോൾ കൊക്ക് അമ്മാവന് കോപം വന്നു. പറഞ്ഞു ചങ്ങാതി കളിയാക്കാൻ നോക്കണ്ട നല്ലൊരു വരം നേടാനായി പ്രാർത്ഥിക്കുകയാണ്. സുഹൃത്തേ ഏകാഗ്രത ഇല്ലാത്ത ഈ പ്രാർത്ഥന കൊണ്ട് നിനക്ക് ഒരു പ്രയോജനവും ഉണ്ടാകില്ല. പട്ടിണി കിടക്കാതെ നീ പോയി വെല്ല പ്രാണികളെയും കൊത്തിത്തിന്നു ജീവിക്കാൻ നോക്ക്. ഇല്ലെങ്കിൽ നീ ചത്തുപോകും. ദൈവം ദാനമായി തന്ന ജീവിതം നാം വെറുതെ പാഴാക്കരുത്. അത്രയും പറഞ്ഞുകൊണ്ട് കള്ളൻ പരുന്തച്ചൻ പറന്നകന്നു. കള്ളൻ പരുന്തച്ചൻ പറഞ്ഞത് കേൾക്കാതെ മണ്ടനായ കൊക്ക് അമ്മാവൻ ഒറ്റക്കാലിൽ തപസ്സ് തുടർന്നു. എന്നാൽ വിശന്നുവലഞ്ഞ കൊക്കൻ അമ്മാവൻ ഒരുനാൾ തളർന്നു വീണു! അതോടെ അവൻ ഒരു പാഠം പഠിക്കുകയും ചെയ്തു

ആബിദ് നാസർ

# ക്വിസ്

1. ലോക എയ്ഡ്സ് ദിനം എന്നാണ്?

1 ഡിസംബർ

2. ഏത് ഇന്ത്യൻ കായികതാരത്തിന് ഇരട്ട പേരാണ് 'jumbo'?

Anil kumbli

3. ഇന്ത്യയിലെ ഉരുക്കുമനുഷ്യൻ ആരാണ്?

സർദാർ വല്ലഭായി പട്ടേൽ

4. ഒരുതുള്ളി രക്തത്തിൽ എത്ര രക്ത കോശങ്ങളുണ്ട് ?

500 കോടി

5.Dynamite കണ്ടുപിടിച്ചത് ആര്?

Alfred.B.Nobel

6. ഏത് സഹോദരനാണ് വിമാനം കണ്ടുപിടിച്ചത്?

Wright Brothers

7. ലോകത്തിലെ പ്രസിദ്ധ രാജ്യം?

China

8.Taj mahal സ്ഥിതി ചെയ്യുന്നത് എവിടെയാണ്?

9.ഏറ്റവും വലിയ വെള്ളച്ചാട്ടം ഏതാണ്?

Angel Falls

10. ദേശീയപാതക രൂപകല്പന ചെയ്തത് ആര്?

pimgali vengaya

11. ആദ്യത്തെ സ്വാതന്ത്ര സമര രക്തസാക്ഷി?

Mangal Pandai

12. നാരങ്ങയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏത്?

Citric Acid

13.Ph Value കണ്ടുപിടിച്ചത് ആര്?

Sorensen

14. ധ്രുവചരിതം തുള്ളൽ പ്രസ്ഥാനത്തിൻറെ ഉപജ്ഞാതാവ് ആര്?

കുഞ്ചൻ നമ്പ്യാര്

# ശാസ്ത്രജാലകം

സംസ്ഥാനത്തെ ഒൻപതാം ക്ലാസ് വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പ് നടത്തിയ ഓൺലൈൻ പരീക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടിക്കൽ സെൻറ് ജോർജ് ഹൈസ്കൂളിലെ 4 ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾ ശാസ്ത്രജാലകം ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു .ശാസ്ത്രത്തിൻറെ പുതിയ അറിവുകൾ കണ്ടെത്തുന്നതിനും ശാസ്ത്രത്തോട് ആഭിമുഖ്യം വളർത്തുന്നതിനും ഉപകരിക്കുന്ന 3 ദിവസം നീണ്ടുനിന്ന ക്യാമ്പ് ചങ്ങനാശ്ശേരി എ.സ് ബി കോളേജിൽ വച്ച് നടന്നു .
2019 ഡിസംബർ 7 ന് മാർ ജോസഫ് പൗവ്വത്തിൽ  ഉദ്ഘാടനം ചെയ്തു .

കേരളത്തിലെ പ്രമുഖ ശാസ്ത്രജ്ഞൻമാരും വിവിധ കോളേജുകളിലെ പ്രഗൽഭരായ അധ്യാപകരും കോളേജിലെ ഭൗതികശാസ്ത്ര വിദ്യാർത്ഥികളും നേതൃത്വം നൽകിയ ക്യാമ്പ് വ്യത്യസ്തമായ ശാസ്ത്ര അനുഭവങ്ങൾ കുട്ടികൾക്ക് പകർന്നുനൽകി പരശീലകർ ഭൗതികശാസ്ത്ര പരീക്ഷണങ്ങളിലൂടെ കുട്ടികളെ വിസ്മയപ്പെടുത്തി

രണ്ടാം ദിവസം രസതന്ത്ര വിദഗ്ധരുടെ പരിശീലനമായിരുന്നു കോളേജിലെ രസതന്ത്ര പരീക്ഷണശാല കുട്ടികൾക്ക് വിസ്മയ കാഴ്ചയായിരുന്നു പരീക്ഷണങ്ങൾ കുട്ടികൾ സ്വയം ചെയ്തു നോക്കുന്നതിന് അവസരമൊരുക്കി  രാത്രിയിൽ വാന നിരീക്ഷണവും സൗരയൂഥത്തിലെ സവിശേഷതകളും ജന്മ നക്ഷത്രങ്ങളെക്കുറിച്ചും പഠനാനുഭവങ്ങൾ നൽകി അവസാനദിനമായ ഡിസംബർ രണ്ടാം തീയതി പ്രപഞ്ചത്തിന് ഉത്ഭവത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും ജന്തുശാസ്ത്ര വിഭാഗവും സസ്യശാസ്ത്ര വിഭാഗവും അറിവുകൾ പകർന്നുനൽകി ശാസ്ത്രജ്ഞൻ മാരോടൊപ്പം ചർച്ചകളിൽ പങ്കെടുക്കാനും ചിത്രങ്ങളെടുക്കാനും കുട്ടികൾക്ക് അവസരമുണ്ടായി കോട്ടയം ജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ പങ്കെടുത്തത് കുട്ടിക്കൽ സെൻറ് ജോർജ് ഹൈസ്കൂളിൽ നിന്നാണ് എന്നത് ശ്രദ്ധേയമായിരുന്നു

--------- താഹിർ സുനീർ

# ഇന്ത്യൻ നവോത്ഥാനം

## രാജാ റാം മോഹൻറോയ്

പശ്ചിമബംഗാളിലെ ഹൂഗ്ലി ജില്ലയിൽ 1772 മെയ് 22 നായിരുന്നു ജനനം. വളരെ ചെറുപ്പത്തിൽ തന്നെ വിഗ്രഹാരാധന, മതാനുഷ്ഠാനങ്ങൾ എന്നിവയിൽ നിന്നും അകന്നു നിന്നു .

'ആധുനിക ഇന്ത്യയുടെ പിതാവ്' എന്നാണ് അദ്ദേഹം അറിയപ്പെടുന്നത് . 1828 ൽ സാമൂഹിക-മത പരിഷ്കരണങ്ങൾക്കായി അദ്ദേഹം ബ്രഹ്മസമാജം സ്ഥാപിച്ചു

സ്ത്രീകളുടെ തുല്യാവകാശത്തിനു വേണ്ടിയും അദ്ദേഹം പരിശ്രമിച്ചു. ബാലവിവാഹത്തിനെതിരെ ശബ്ദമുയർത്തുകയും ആധുനിക വിദ്യാഭ്യാസത്തിനായി സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. സതി എന്ന ദുരാചാരത്തിനെതിരെ പോരാടി.

# ST. GEORGES HS KOOTTICKAL

സ്പന്ദനം 2019 എന്ന പേരിൽ ലിററിൽകൈററ്സ് ഐ.ടി ക്ളബ്ബിൻെറ ആഭിമുഖ്യത്തിൽ മാതാപിതാക്കൾ ക്കായി ഒരു പരിശീലന പരിപാടി 21- 12- 2019 ശനി 9.15 am മുതൽ 12 .30 pm വരെ സ്കൂൾ ഹാളിൽ നടത്തുന്നു. തദവസരത്തിൽ താങ്കളുടെ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

കൂട്ടിയ്കൽ

18-12 2018

Prepared by-- **Farsana Najeeb**

# ഉണ്ണി

മഹാ പേടിത്തൊണ്ടൻ ആയിരുന്നു ഉണ്ണി. രാത്രിസമയങ്ങളിൽ ഉണ്ണി പുറത്തിറങ്ങാറില്ല . ഒരുദിവസം ജോലി കഴിയാൻ താമസിച്ചു. തന്നെ വീട്ടിലേക്ക് നടന്നുവരാൻ ഉണ്ണിക്ക് പേടിയായിരുന്നു. റോഡിലൂടെ പേടിച്ച് ഉണ്ണി നടന്നു. കുറച്ച് ചെന്നുകഴിഞ്ഞപ്പോൾ അല്പം മുമ്പിലായി നടക്കുന്നത് ഉണ്ണി കണ്ടു. ഉണ്ണിക്ക് സമാധാനമായി. ഉണ്ണി മുമ്പിൽ നടക്കുന്ന ആളുടെ അടുത്തെത്തി.

എന്നിട്ട് യാത്രക്കാരനോട് പറഞ്ഞു:

'' ജോലി കഴിഞ്ഞപ്പോൾ രാത്രിയായി ഞാനാണെങ്കിൽ പേടിച്ച് വരുവായിരുന്നു. ചേട്ടനെ കണ്ടപ്പോഴാ ഒരു ആശ്വാസമായത്''.

മറുപടിയൊന്നും പറഞ്ഞില്ല. ഉണ്ണി അപ്പോഴാണ് ഒരു കാര്യം മനസ്സിലാക്കിയതാണ്. അയാൾ വളരെ പതിയെയാണ് നടക്കുന്നത്.

ഉണ്ണി വഴി യാത്രക്കാരനോട് പറഞ്ഞു:

'' ചേട്ടാ ഇങ്ങനെ നടന്നാൽ നേരം വെളുത്താലും വീട്ടിൽ എത്തില്ല''. മറുപടിയൊന്നും പറഞ്ഞില്ല.

ഉണ്ണിക്ക് ദേഷ്യം വന്നു.'' പറഞ്ഞത് മനസ്സിലായില്ല?, വേഗം നടക്കാൻ''. ഉണ്ണി വഴിയാത്രക്കാരനോട് ദേഷ്യപ്പെട്ടു.

വഴിയാത്രക്കാരൻ ഉണ്ണിയോട് പറഞ്ഞു:

'' പ്രേതങ്ങൾക്ക് നടക്കാൻ പറ്റില്ലെന്ന് തനിക്ക് അറിഞ്ഞുകൂടെ. മരിച്ചതിൽ പിന്നെ ആദ്യമായിട്ടാ നടക്കുന്നത്. നടക്കാൻ പറ്റുമോ എന്ന് നോക്കുകയാ''.

ഇതുകേട്ടതും ഉണ്ണിയുടെ ബോധം പോയി!

കവിത

## വീണ്ടും പ്രളയം

കൂട്ടിക്കൽഹൈസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനി അനിററകെ ബി  എഴുതി അവതരിപ്പിച്ച  ഓർമ്മകൾ എന്ന കവിത നവമാധ്യമങ്ങളിൽ  ഇടം കണ്ടെത്തുകയും പ്രചുരപ്രചാരം നേടുകയും ചെയ്തത്  സ്കൂളിനെ സംബന്ധിച്ച് എടുത്തുപറയത്തക്ക നേട്ടമായിരുന്നു .കാലവർഷക്കെടുതി വരുത്തിവച്ച നഷ്ടങ്ങൾക്കും ,ദുരിതങ്ങൾക്കും,മേലെ മനുഷ്യമനസ്സിൽ മായാത്ത സങ്കടങ്ങൾ ആയിരുന്നു ഈ വർഷം അനുഭവവേദ്യം ആയത്.

കഷ്ടപ്പാടുകളുടെ നടുവിൽ പരസ്പരം സ്നേഹിക്കാനും പങ്കുവെക്കുവാനും കൈത്താങ്ങാവാനും കഴിയുന്ന ഒരു ഹൃദയമുണ്ടെന്ന് പരസ്പരം തെളിയിച്ച മലയാളികൾക്ക് ഈ കവിത ഒരു നല്ല ഓർമ്മ ആയിരിക്കും.

സ്കൂൾ ഹെഡ്മാസ്റ്റർ ജെയിംസ് കുട്ടി കുര്യന് നേതൃത്വം നൽകുകയും സുനീഷ് മാത്യു ചായാഗ്രഹണം നിർവഹിച്ച ചിത്രീകരിച്ച കവിതാലാപനം സ്കൂളിന് ഒരു പൊൻതൂവലായി അനിറ്റാ മോൾക്ക് ആയിരമായിരം.. ആശംസകളും നന്ദിയും .

അഞ്ജലി സോമൻ

സഞ്ചാരം

# പാൽകുള മേട്

വണ്ണപ്പുറം കഞ്ഞിക്കുഴി റൂട്ടിൽ കഞ്ഞിക്കുഴിയിൽ എത്തി കാൽനടയായി പോയാൽ പാൽക്കുളം എന്ന സ്ഥലത്ത് എത്താം. രണ്ടുവശവും കാട് ആയതിനാൽ അല്പം പേടി ഓട്ടുകൂടിയാണ് ഞങ്ങൾ നടന്നു തുടങ്ങിയത് .നടക്കുന്ന വഴി കാട്ടാനകളെ കാണാം എന്ന് അയൽവാസികൾ പറഞ്ഞു .മല കയറി മുകളിലെത്തിയപ്പോൾ ആകെ ക്ഷീണിച്ചു പോയിരുന്നു .എന്നാൽ അവിടത്തെ കാഴ്ചകൾ ഏറെ ആസ്വാദ്യകരമായിരുന്നു .പെട്ടന്നൊരു കാഴ്ച എൻറെ കണ്ണിലുടക്കി. ഞങ്ങൾ നിൽക്കുന്ന കുന്നിൻറെ എതിർവശത്ത് ,ഒരു ആന പുല്ല് തിന്നുന്നു .ചെറിയ കോട ഉണ്ടായിരുന്നതിനാൽ മൊബൈലിൽ ചിത്രം വ്യക്തമായി പകർത്താൻ കഴിഞ്ഞില്ല .

ഏറ്റവും വലിയ മലയുടെ മുകളിൽ കയറിയാൽ ഇടുക്കി ഡാം കാണാം .ഇതിനുമുകളിൽ രാത്രിയിൽ സഞ്ചാരികൾ താമസിക്കാറുണ്ട് .എന്നാൽ കോട ഇറങ്ങുമ്പോൾ പാൽകുളമേട് സുരക്ഷിതമല്ല. മലയിറങ്ങി വൺ അപ്പുറത്തുള്ള ഹോട്ടലിൽനിന്നും ഭക്ഷണവും കഴിച്ച് ഞങ്ങളുടെ യാത്ര അവസാനിപ്പിച്ചു.

**ആദർശ് രാജു**

# കാളിപ്പന

2018 ലെ പ്രഭാത് ബുക്ക് ഹൗസ് നോവൽ അവാർഡ് നേടിയ ജോസ് മംഗലശ്ശേരി യുടെ കാളിപ്പന,ആഴമേറിയ അന്വേഷണങ്ങളിലൂടെയും സൂക്ഷ്മ നിരീക്ഷണങ്ങളിലൂടെയും ചെത്തുതൊഴിലാളികളുടെ ജീവിതത്തെ കൃത്യമായി പഠിച്ച് നോവലിലേക്ക് സന്നിവേശിപ്പിച്ചിരിക്കുന്നു .

ശ്രദ്ധേയമായ കൃതി ,ശരിയുടെ ചരിത്രവും വർത്തമാനവും ഐതിഹ്യവും ആവാഹിച്ച് ചെത്തുകാരൻറ ജീവിത വഴികളിലേക്ക് വെളിച്ചം പകരുന്നതാണ് ഈ അസാധാരണ രചന

ജീവിക്കാനായി നോവലെഴുതി സാമ്പത്തികമായി പരാജയപ്പെട്ട എഴുത്തുകാരന് ഒരു ഫോൺ കോളിലൂടെ 'ലോട്ടറി 'അടിക്കുകയും അത് പുതിയ നോവൽ ആയി മാറുകയും ചെയ്യുന്ന കഥാതന്തു .ജീവിത യാഥാർഥ്യങ്ങളും പ്രണയവുംസമാന്തരമായി സഞ്ചരിക്കുകയും, ആധുനികകാലത്തെ ജീവിതകഥകള് അയത്ന ലളിതമായി കഥാകാരൻ അവതരിപ്പിച്ചിരിക്കുന്നു .

കഥാപാത്രങ്ങൾ തമ്മിലുള്ള  ഇണക്കവും വായനാസുഖവും സാധാരണക്കാരനായ ഒരു ഒരു വായനക്കാരനിലേക്ക് എത്തിക്കുന്നതിൽ രചയിതാവ് നൂറുശതമാനവും വിജയിച്ചിരിക്കുന്നു ആദ്യനോവലായ മർമ്മരം ഇതിൽനിന്ന് ബഹുകാതം മുന്നോട്ടുപോകുന്നതിൽ അഭിമാനിക്കാം

സൽമാൻ സിറാജ്

കൊച്ച് പട്ടങ്ങൾ

പറക്കേണ്ടതിവിടെ....



# സെ.ജോർജ് ഹൈസ്കൂൾ കുട്ടിക്കൽ

## ലഹരി വിരുദ്ധ സെമിനാർ

13.09.2019

ഈശ്വരപ്രാർത്ഥന

സ്വാഗതം : **ശ്രീ.ജെയിംസ് കുട്ടി കുര്യൻ** (ഹെഡ്മാസ്റ്റർ)

ആമുഖസന്ദേശം : **ശ്രീമതി നിർമല ജോൺ**

അധ്യക്ഷപ്രസംഗം : **ശ്രീ.ബിജോയി മുണ്ടുപാലം** (പി.റ്റി.എ പ്രസിഡൻറ്)

ഉദ്ഘാടനം : **ശ്രീ.ശിവപ്രസാദ്**

(പൊൻകുന്നം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ)

സെമിനാർ : **ശ്രീ.ജയകുമാർ** (CRO, മുണ്ടക്കയം പോലീസ് സ്റ്റേഷൻ)

കൃതജ്ഞത : **തോമസ് സെബാസ്റ്റ്യൻ**

ദേശീയഗാനം

PREPARED BY -**THOMAS SEBASTIAN**


ലിററിൽ കൈററ്സ്അംഗങ്ങൾ

സാമൂഹ്യശാസ്ത്രമേളയിലും ചാംപ്യൻമാർ



ഓണത്തിനൊരു .......

ഡിജിററൽ പൂക്കളം.......



# കടംകഥകൾ

1. അകത്തു തിരിയിട്ടു പുറത്തു മുട്ടയിട്ടു.

ഉത്തരം. കുരുമുളക്

2 അകത്തേക്ക് പോകുമ്പോൾ പച്ച, പുറത്തേക്ക് വരുമ്പോൾ ചുവപ്പ്.

ഉത്തരം. വെറ്റില മുറുക്ക്.

3. എന്നാൽ കണ്ടോ തേങ്ങാപ്പൂൾ,ഇന്നേക്ക് ഒരു വെള്ളിത്തളിക യായി.

ഉത്തരം. ചന്ദ്രൻ.

4. ഇരുമ്പു പെട്ടിയിൽ വെള്ളി കട്ടി

ഉത്തരം. മാങ്ങയണ്ടി.

5. ഇവിടെ ഓതിയാൽ അവിടെ മാറ്റും.

ഉത്തരം. ഉച്ചഭാഷിണി.

6. ഉടൽ ഇല്ലാത്തതിന് ഒരു 100 പല്ല്.

ഉത്തരം. ഒറ്റാല്.

7.ഉടൽ പക്ഷി, തല ചെന്നായി, തലകീഴായി ജീവിതം.

ഉത്തരം. വവ്വാൽ.

8.എത്ര കത്തിയാലും കിടാത്ത വിളക്ക്.

ഉത്തരം. ഇലക്ട്രിക് ബൾബ്.

9. എങ്ങും നോക്കിയാലും കാലില്ല പന്തൽ.

ഉത്തരം. ആകാശം.

10. കണ്ടു കണ്ടിരിക്കുമ്പോൾ കാണാതായി.

ഉത്തരം. മിന്നാമിനുങ്ങ്.



# കൊളാഷ്



# നേട്ടങ്ങൾ

കൈററ്സ് -സംസ്ഥാനക്യാൻപ് ....മാനുവൽ മാത്യൂ

ജില്ലാക്യാംപ്.....മാനുവൽ മാത്യൂ

........ബേസിൽ ബെന്നി

സംസ്ഥാനഗണിതശാസ്ത്രമത്സരം-നിഷിത ജോസഫ്

സബ്ജില്ലാതലമികവ്

-ഐ.ടി,സാമൂഹ്യശാസ്ത്ര ,ഗണിത ക്ളബ്ബുകൾക്ക്

ബെസ്ററ് സ്കൂൾഅവാർഡ്


# പിൻ വിളി...

മൂർത്തമായ ഒന്നിനു മാത്രമെ നിഴൽ സൃഷ്ടിയ്ക്കാനാകൂ....



# നിഴൽ

## ലിററിൽ കൈററ്സ്



ഡിജിററൽ മാഗസിൻ

സെൻറ്  ജോർജ് ഹൈസ്കൂൾ കുട്ടിക്കൽ